(ബി) അടിച്ചിപ്പുഴ, തോട്ടമൺ, വടശ്ശേരിക്കര, റാന്നി-അങ്ങാടി എന്നീ പദ്ധതികളിൽ താൽക്കാലിക തടയണകളുടെ പണി തുടങ്ങിയിട്ടുണ്ട്. അടിച്ചിപ്പുഴ, തോട്ടമൺ, വടശ്ശേരി പദ്ധതികളിൽ സ്ഥിരം തടയണ നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസലുകളും തയ്യാറാക്കിയിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഇവ നടപ്പിലാക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്.

റാന്നിയിലെ കുടിവെള്ളവിതരണ പദ്ധതികൾ

41 [924] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി നിയോജകമണ്ഡലത്തിൽ ഇനിയും കമ്മീഷൻ ചെയ്യാത്ത എത്ര കുടിവെള്ള വിതരണ പദ്ധതികളാണുള്ളത്; അവ ഏതൊക്കെ;

(ബി) ഇവ പൂർത്തീകരിക്കാൻ താമസിക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) സമയബന്ധിതമായി ഇവയുടെ പണിപൂർത്തീകരിച്ച് കമ്മീഷൻ ചെയ്യുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

ഉത്തരം

(എ) റാന്നി നിയോജകമണ്ഡലത്തിൽ ഇനിയും കമ്മീഷൻ ചെയ്യാത്ത 12 പദ്ധതികളുണ്ട്. എൻ. സി./പി.സി.-യിൽപ്പെടുന്ന 4 പദ്ധതികൾ പെരിനാട് പഞ്ചായത്തിലും റാന്നി-അങ്ങാടി പഞ്ചായത്തിൽ 3 പദ്ധതികളും റാന്നി-പഴവങ്ങാടി പഞ്ചായത്തിൽ 1 പദ്ധതിയും ഉണ്ട്. കൂടാതെ ആർ. ജി. എൻ. ഡി. ഡബ്ലിയു. എം.-ൽ ഉൾപ്പെട്ട അരയാണിലിമൺ, കുടമുരുട്ടി, കുറുമ്പൻമുഴി, നീരേറ്റുകാവ് എന്നീ പദ്ധതികളും കമ്മീഷൻ ചെയ്യാനുണ്ട്.

(ബി) പ്രസ്തുത പദ്ധതികൾ പൂർത്തീകരിക്കാൻ താമസിക്കുന്നത് വൈദ്യുതി കണക്ഷൻ ലഭിക്കാതിരിക്കുന്നതിനാലാണ്.

(സി) ഇവയിലൊക്കെ പമ്പ് സെറ്റുകൾ സ്ഥാപിച്ച് വൈദ്യുതി ലഭിക്കുന്നമുറയ്ക്ക് കമ്മീഷൻ ചെയ്യുവാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ റാന്നി അങ്ങാടി പദ്ധതിയുടെ ഇൻടേക്കിലും എബനേസ്റ്റർ എന്ന സ്ഥലത്തുള്ള ബൂസ്റ്ററിനേയും എൻ. സി./പി. സി. പദ്ധതികളിൽ ഉൾപ്പെടുത്തി കപ്പാസിറ്റി കൂടിയ പമ്പ്സെറ്റ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു കഴിഞ്ഞു. 8/2004-ഓടുകൂടി മേൽപ്പറഞ്ഞ പദ്ധതികൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ചേലക്കരയിൽ നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികൾ

42 [925] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചേലക്കര നിയോജകമണ്ഡലത്തിൽ ഇപ്പോൾ നടപ്പിലാക്കിവരുന്ന കുടിവെള്ള പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly